പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *135 | 15.6.2012-ൽ മറുപടിയ്ക്ക്

# കാർഷികമേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

*ചോദ്യം* | *മറുപടി*

ശ്രീ. എൻ. ഷംസുദ്ദീൻ
,, പി.കെ. ബഷീർ
,, പി. ഉബൈദുള്ള
,, കെ.എൻ.എ.ഖാദർ

ശ്രീ . കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) നടപ്പുവർഷത്തെ പദ്ധതിയിൽ കാർഷിക മേഖലയ്ക്ക് അനുവദിച്ച തുകയും സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ പരമാവധി പ്രയോജനപ്പെടുത്താൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും വിശദമാക്കുമോ;

(എ) നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതിയിൽ കാർഷിക മേഖലയ്ക്ക് സംസ്ഥാന പദ്ധതികൾക്ക് 686.84 കോടി രൂപയും കേന്ദ്ര സഹായത്തോടെ സംസ്ഥാനം നടപ്പിലാക്കുന്ന 22.55 കോടി രൂപയും ഉൾപ്പെടെ 709.39 കോടി രൂപയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കാനാണ് അനുമതിയുള്ളത്.

സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ പരമാവധി പ്രയോജനപ്പെടുത്താൻ ആവിഷ്ക്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) ഭക്ഷ്യ സുരക്ഷ ലഭ്യമാക്കി നെൽകൃഷി പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ എന്നിവയുടെ ഉൽപാദന വർദ്ധനവിനായി 100 കോടി രൂപയുടെ സംയോജിത കാർഷിക വികസന പദ്ധതി.

2) നാളീകേരത്തിന്റെ ഉൽപാദനം, മൂല്യവർദ്ധന വിപണി എന്നിവ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള 45 കോടി രൂപയ്ക്കുള്ള സമഗ്ര നാളീകേര വികസന പദ്ധതി.

3) ജൈവ കൃഷി പ്രോത്സാഹനത്തിനുള്ള 10 കോടി രൂപയ്ക്കുള്ള പദ്ധതി.

4) കൃഷി വകുപ്പിന് മൂന്ന് മൊത്ത വ്യാപാര വിപണികൾ അഗ്രി സൂപ്പർമാളുകളുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് ഉൾപ്പെടെയുള്ള വിപണന സംരണ പ്രവർത്തനങ്ങൾക്ക് 50 കോടി രൂപയുടെ പദ്ധതികൾ.

5) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനുള്ള സംസ്ഥാന വിഹിതം 11 കോടി.

6) ഹൈടെക് കൃഷി രീതി വ്യാപകമായി നടപ്പിലാക്കാൻ 12 കോടി രൂപയ്ക്കുള്ള പദ്ധതി.

7)റൈസ് ബയോപാർക്ക് കോക്കനട്ട് ബയോപാർക്ക് എന്നിവ സ്ഥാപിക്കൽ

8)ബ്ലോക്കുതലത്തിൽ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള 20 കോടി രൂപയ്ക്കുള്ള പദ്ധതികൾ

9) വയനാട് പാക്കേജ് - 25 കോടി

(ബി) മുൻവർഷം കാർഷിക മേഖലയ്ക്ക് വകയിരുത്തിയ തുകയിൽ എത്ര ശതമാനം ചെലവഴിച്ചു എന്നും എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു എന്നും വിശദമാക്കുമോ;

(ബി) മുൻ വർഷം കാർഷിക മേഖലയക്ക് വകയിരുത്തിയ തുകയിൽ 90.61 % ചെലവഴിച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ കൈവരിച്ച പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1) നെൽകൃഷിയ്ക്ക് 1.715 ലക്ഷം ഹെക്ടർ പ്രദേശത്ത് ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുക വഴി കർഷകരുടെ കൃഷി ചെലവ് 20 % ത്തോളം കുറയുന്നതിന് സാധിച്ചിട്ടുണ്ട്.

6547.36 ഹെക്ടർ സ്ഥലത്ത് കര നെൽകൃഷി പ്രോത്സാഹിപ്പിച്ചതിലൂടെ 1000 ടണ്ണോളം നെല്ല് ഉല്പാദിപ്പിക്കുന്നതിന് സാധിച്ചു.

2975.894 ഹെക്ടർ സ്ഥലത്ത് തരിശുഭൂമി കൃഷി യോഗ്യമാക്കിയിട്ടുണ്ട്.

2700 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുക വഴി 30,000 ടണ്ണോളം പച്ചക്കറി ഉല്പാദിപ്പിയ്ക്കാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് 10350 ഹെക്ടർ സ്ഥലത്ത് സമഗ്ര നാളീകേര വികസന പദ്ധതി നടപ്പിലാക്കി.

4400 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കി.

വയനാട് ജില്ലയിൽ 5158 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷിക്ക് ഊന്നൽ നല്കി കൊണ്ട് കുരുമുളക് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി.

1.601 ലക്ഷം മണ്ണ് സാമ്പിളുകൾ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള വളപ്രയോഗ രീതി കൃഷിക്കാർക്ക് നല്കുകയും ചെയ്തിട്ടുണ്ട്. കാർഷിക വിജ്ഞാന വ്യാപനം ശക്തപ്പെടുത്തുന്നതിന്റെ ഭാഗമായി കൊല്ലം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ മാതൃകാ കൃഷിക്കാരെയും , കൃഷിയിടങ്ങളേയും ഗ്രൂപ്പുകളേയും അടിസ്ഥാനമാക്കിയുള്ള ഒരു പുതിയ വിജ്ഞാന വ്യാപന രീതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

പുതിയ കർഷക കൂട്ടായമകൾ രൂപീകരിച്ച് കാർഷികോല്പന്നങ്ങൾ നേരിട്ട് സംഭരിക്കാനും വിപണനം നടത്താനും ഉള്ള സംവിധാനം കൃഷി വകുപ്പിന്റെ കാർഷിക മൊത്ത വ്യാപാര വിപണികളിൽ സ്വീകരിച്ചു.

(സി) നടപ്പുവർഷം ഏതൊക്കെ കൃഷിക്കാണ് പ്രാമുഖ്യം നല്കിയിട്ടുള്ളത്; അതിനായി പദ്ധതികൾ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ടോ; അവയുടെ വിശദവിവരം നല്കാമോ;

(സി) നടപ്പു വർഷം ഭക്ഷ്യ സുരക്ഷ ലക്ഷ്യമാക്കി നെൽകൃഷി കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറി എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനും കൂടാതെ തെങ്ങ്, സുഗന്ധ വ്യഞ്ജന വിളകൾ എന്നിവയ്ക്കുമാണ് പ്രാമുഖ്യം നല്കിയിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തെ ഹോർട്ടിക്കൾച്ചർ വിളകളുടേയും ഔഷധ വിളകളുടേയും വികസനത്തിന് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കഴിഞ്ഞ വർഷം നിലവിലുണ്ടായിരുന്നതും,

ആനുകൂല്യങ്ങളിൽ മാറ്റമില്ലാത്തവയുമായ പദ്ധതികൾക്ക് അംഗീകാരം നല്കി നടപ്പിലാക്കി തുടങ്ങി. പുതിയ പദ്ധതികളിൽ ഭൂരിഭാഗവും തയ്യാറാക്കി കഴിഞ്ഞു. ശേഷിക്കുന്ന പദ്ധതികളുടേയും പ്രോജക്റ്റുകൾ തയ്യാറാക്കി വരുന്നു.

(ഡി) ചെറുകിട കർഷകരുടെ കൃഷി ഭൂമികളിൽ വ്യത്യസ്ത കാർഷിക വിഭവങ്ങളുടെ പരാമവധി ഉല്പാദനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നല്കാമോ?

(ഡി) ഓരോ പ്രധാന വിളകളുടേയും പരമാവധി ഉൽപാദനക്ഷമതയും വർദ്ധിപ്പിച്ചും, അവയുടെ വിപണനം മൂല്യവർദ്ധിത ഉൽപന്നങ്ങൾ തയ്യാറാക്കൽ എന്നിവയുടെ വേണ്ടത്ര പ്രോത്സാഹനവും സഹായവും നല്കിയും കൃഷിക്കാരുടെ വരുമാനവും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന വിവിധ കാർഷിക വികസന പദ്ധതികളാണ്. കൃഷി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്.

**സെക്ഷൻ ഓഫീസർ**